"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം കോറിഡോർ പദ്ധതിക്ക് സ്ഥലം വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്ക് തുക അനുവദിച്ച് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.876/2025/PWD തിരുവനന്തപുരം,തീയതി, 18-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.134/2011/പി.ഡബ്ല്യൂ.ഡി തീയതി 31.08.2011
2. സ.ഉ.(സാധാ)നം.193/2012/പി.ഡബ്ല്യൂ.ഡി തീയതി 08.02.2012
3. സ.ഉ.(സാധാ)നം.353/2020/പി.ഡബ്ല്യൂ.ഡി തീയതി 22.03.2020
4. സ.ഉ.(സാധാ)നം.957/2020/പി.ഡബ്ല്യൂ.ഡി തീയതി 18.11.2020
5. WPC No. 26234/2023 കേസിലെ കേരള ഹൈക്കോടതിയുടെ 19.04.2024 ലെ വിധിന്യായം
6. കോട്ടയം ജില്ലാ കളക്ടറുടെ 09.06.2025 ലെ DCKTM/10276/2018-G1 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം കോറിഡോർ പദ്ധതിയുടെ ഭാഗമായ കൊടൂരാറിന് കുറുകെ ഈരയിൽ കടവ് പാലം നിർമ്മാണത്തിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 590 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കോട്ടയം ഡെവലപ്മെന്റ് കോറിഡോർ പദ്ധതിക്ക് പരാമർശം (2) ലെ ഉത്തരവ് പ്രകാരം 20.75 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ട് നൽകിയവർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രൻ ബി മുതൽപേർ ഫയൽ ചെയ്ത WP(C) 33882/2015 നം . കേസിലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി

പരാമർശം (3),(4) ലെ ഉത്തരവ് പ്രകാരം 53,60,515/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു . കോട്ടയം കോറിഡോർ പദ്ധതിക്കായി ഭൂമി വിട്ടു നൽകിയ ശ്രീ. അശോകൻ. ആർ മുതൽപേർ ഫയൽ ചെയ്ത WPC No. 26234/2023 കേസിലെ കേരള ഹൈക്കോടതിയുടെ 19.04.2024 ലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം നഷ്ടപരിഹാരം നൽകേണ്ട തുക 60,36,303/- രൂപയാണ് എന്ന് കണക്കാക്കിയിട്ടുള്ളതായി കോട്ടയം ജില്ലാ കളക്ടർ പരാമർശിത കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം കോറിഡോർ പദ്ധതിക്കും, പദ്ധതിയുടെ ഭാഗമായ കൊടൂരാറിന് കുറുകെ ഈരയിൽ കടവ് പാലം നിർമ്മാണത്തിനും സ്ഥലം വിട്ട് നൽകിയവർക്ക് ജില്ലാ കളക്ടർ കണക്കാക്കിയ നഷ്ടപരിഹാരപ്രകാരം തുക വിതരണം ചെയ്യുന്നതിനായി 60,36,303/- രൂപ (അറുപത് ലക്ഷത്തി മുപ്പത്താറായിരത്തി മുന്നൂറ്റി മൂന്ന് രൂപ മാത്രം) പാലങ്ങൾ വിഭാഗവുമായി ബന്ധപ്പെട്ട ശീർഷകമായ 5054-04-101-99-00-16-PC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. തുക മാറിനല്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(പാലങ്ങൾ വിഭാഗം), തിരുവനന്തപുരം

എക്സിക്യൂട്ടിവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം), കോട്ടയം

ജില്ലാ കളക്ടർ, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 18-06-2025 16:50:46

സെക്ഷൻ ഓഫീസർ